©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS)

## ആനുകാലിക റിപ്പോർട്ട്

(2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2024)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2024 ജൂലൈ 10-ാം തീയതി സമർപ്പിച്ചത്

(Presented on 10th July, 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS)

ആനുകാലിക റിപ്പോർട്ട്

(2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2024)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

843/2024.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 5 |

## സബ്ജക്ട് കമ്മിറ്റി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)
## (2023-2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. ഗണേഷ് കുമാർ,
ഗതാഗത വകുപ്പുമന്ത്രി

ശ്രീ. വി. എൻ. വാസവൻ,
തുറമുഖ - സഹകരണ - ദേവസ്വം വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. മോൻസ് ജോസഫ്

ഡോ. എം. കെ. മുനീർ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീമതി ഉമ തോമസ് .

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി

ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V (2021-23), 7-6-2021-ലെ 26-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം രൂപീകൃതമാകുകയും, സബ്ജക്ട് കമ്മിറ്റി V (2023-26), 7-12-2023-ലെ 445-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം രൂപീകരിക്കുന്നത് വരെ തുടരുകയും ചെയ്തു. സമിതി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 26-7-2023, 7-9-2023, 4-3-2024 (ധനാഭ്യർത്ഥനയുടെ പരിശോധന സംബന്ധിച്ച രണ്ട് യോഗങ്ങൾ), 5-3-2024, എന്നീ തീയതികളിലായി 5 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2022 എപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണന, ചട്ടങ്ങളുടെ സാധൂകരണം, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയത് സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണന, വിവിധ സമിതി ശിപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകളുടെ പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 56.50% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I – സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II – സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III – സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

അദ്ധ്യായം IV- നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V – നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായംVI - a) 2022-23-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII – സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2024 ജൂലൈ 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. എ. മുഹമ്മദ് റിയാസ്,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2024 ജൂലൈ 10

# റിപ്പോർട്ട്

അദ്ധ്യായം - I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1) മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 7-9-2023-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 12-9-2023-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2) സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 7-9-2023-ലെ യോഗത്തിൽ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 12-9-2023-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അദ്ധ്യായം - II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

ഇല്ല.

അദ്ധ്യായം - III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

സമിതിയുടെ 5-3-2024-ലെ യോഗം 2023-ലെ കേരള സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതിയുടെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 26-7-2023-ലെ യോഗത്തിൽ 2022-ലെ കേരള മോട്ടോർ വാഹന (നാലാം ഭേദഗതി) ചട്ടം, (എസ്.ആർ.ഒ. നമ്പർ 1202/2022), 2023-ലെ കേരള മോട്ടോർ വാഹന(ഒന്നാം ഭേദഗതി) ചട്ടം, (എസ്.ആർ.ഒ. നമ്പർ 20/2023), 2023-ലെ കേരള മോട്ടോർ വാഹന(രണ്ടാം ഭേദഗതി) ചട്ടം, (എസ്.ആർ.ഒ. നമ്പർ 620/2023) എന്നിവയും 5-3-2024-ലെ യോഗത്തിൽ 2022-ലെ കേരള മാരിടൈം ബോർഡ് ചട്ടം, (എസ്.ആർ.ഒ. 999/2022)-യും സാധൂകരിച്ചു.

അദ്ധ്യായം - IV

## ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങൾ സംബന്ധിച്ച വിശദാംശം

ഇല്ല.

അദ്ധ്യായം - V

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|---|
| XLI - ഗതാഗതം<br>IX - വാഹന നികുതികൾ | 2021-22 | ഗതാഗത വകുപ്പ് (കാലതാമസപത്രിക സഹിതം) | 9-8-2023 |
| XLI -ഗതാഗതം | 2022-23 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (ഉൾനാടൻ ജലഗതാഗതം) | 9-8-2023 |
| XV -പൊതുമരാമത്ത് | 2022-23 | പൊതുമരാമത്ത് വകുപ്പ് | 9-8-2023 |
| XLI -ഗതാഗതം | 2022-23 | ഗതാഗതം (കെ.എസ്.ആർ.ടി.സി.) | 9-8-2023 |
| XLI -ഗതാഗതം | 2022-23 | ഗതാഗതം ( ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്) | 9-8-2023 |

അദ്ധ്യായം - VI

**a) 2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള, മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നം. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നം. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം. |
|---|---|---|---|
| 109 | 9-74, 91-97, 99, 100, 102-106, 108, 109 | 1-8, 75-90, 98, 101, 107 | 27 |

**b) വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ**

**ശിപാർശകളിന്മേലുള്ള കാലതാമസപത്രിക ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ

5075-60-800-86— മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ-ജോയിന്റ് വെഞ്ച്വർ കമ്പനിയിലെ പദ്ധതികൾ.

തലശ്ശേരി-മൈസൂർ റെയിൽ പദ്ധതി, നിലമ്പൂർ-നഞ്ചൻകോട് റെയിൽ പദ്ധതി എന്നിവയുടെ സർവ്വേ നടപടികൾക്കും വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനഃപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 143)

സ്വീകരിച്ച നടപടി

തലശ്ശേരി-മൈസൂർ റെയിൽ, നിലമ്പൂർ - നഞ്ചൻകോട് റെയിൽ പദ്ധതിയുടെ കേരള ഭാഗത്തുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കിയിരുന്നു. എന്നാൽ കർണ്ണാടക ഭാഗത്ത് സർവ്വേ നടത്തുന്നതിനായി പുതുക്കിയ അലൈൻമെന്റ് പ്രൊപ്പോസൽ കർണാടക എ.സി.എസ്. (ഇൻഫ്രാസ്ട്രക്ചർ)-നും വനം വകുപ്പ് എ.സി.എസ്-നും സമർപ്പിച്ചിരിക്കുകയാണ്.

അലൈൻമെന്റിന് തത്വത്തിലുള്ള അംഗീകാരം റെയിൽവേയിൽ നിന്നും, സർവ്വേ തുടങ്ങുവാനുള്ള അനുമതി കർണാടക സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ അനുകൂല തീരുമാനത്തിനായി ഉദ്യോഗസ്ഥതല ചർച്ചകളും നടന്നു വരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്കേ സർവ്വേ തുടങ്ങുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ തുക ആവശ്യമായി വന്നിട്ടുള്ളതല്ല.

(ഫ നം. : ഇ 1/2/2022/ഗതാ, തീയതി : 27-12-2022 & 23-2-2023)

(കാലതാമസപത്രിക 15-3-2023-ന് സഭയിൽ സമർപ്പിച്ചു.)

<u>അദ്ധ്യായം - VII</u>

**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ**

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

പി. എ. മുഹമ്മദ് റിയാസ്

തിരുവനന്തപുരം,
2024 ജൂലൈ 8

*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി V.*

അനുബന്ധം

## 1. 26-7-2023-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2023 ആഗസ്റ്റ് മാസം 26-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു, ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ :

1) ശ്രീ. മോൻസ് ജോസഫ്
2) ശ്രീ. പ്രമോദ് നാരായൺ
3) ശ്രീ. കെ. പ്രേംകുമാർ
4) ശ്രീ. പി. പി. സുമോദ്

നിയമസഭാ സെക്രട്ടേറിയറ്റ്:

1) ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2) ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. വിനോദ് കുമാർ എം,കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്.
2. ശ്രീ. ബിജു കെ., സെക്രട്ടറി, പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ്.
3. ശ്രീ. അശോക് കുമാർ സിംഗ്, സെക്രട്ടറി, ജലവിഭവ വകുപ്പ്.
4. ശ്രീമതി വിജയശ്രീ കെ.എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
5. ശ്രീമതി കല എസ്. വി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീ. ആർ. സുരേഷ് ബാബു, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

7. ശ്രീമതി ഗിരിജ കുമാരി ജി., അഡീഷണൽ സെക്രട്ടറി, തുറമുഖ വകുപ്പ്.

8. ശ്രീമതി ഉമാദേവി എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

9. ശ്രീമതി ഷീല എം., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

10. ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ.

11. ശ്രീ. എൻ.എസ്. പിള്ള, ചെയർമാൻ, കേരള മാരിടൈം ബോർഡ്.

12. ശ്രീ. അജിത് രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ്) വകുപ്പ്.

13. ശ്രീ. ജോമോൻ കെ. ജോർജ്ജ്, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്.

14. ശ്രീ. കെ. മനോജ് കുമാർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ.

15. ശ്രീ. രാജീവ് കെ. എസ്., പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം.

16. ശ്രീ. അഭിലാഷ് റ്റി. ജി., ആർ.ടി.ഒ., തിരുവനന്തപുരം.

17. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ ഐ.എൻ& കെ.പി., ആലപ്പുഴ

18. ശ്രീ. ടി.പി. സലിം കുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്.

19. ശ്രീ. ജെറോഷ് കുമാർ വി., ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്.

20. ഡോ. ഷീജ എം.കെ., പ്രിൻസിപ്പാൾ, ശ്രീ ചിത്ര തിരുനാൾ എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം.

21. ശ്രീ. ജോൺസൺ, ജെ. ജി. എം.(ഫിനാൻസ്), കെ.ആർ.ഡി.സി.എൽ.

22. ശ്രീ. സുധീർ പി. എസ്., ഡി.എഫ്., കെ - റെയിൽ.

23. ശ്രീ. കെ. മദൻകുമാർ, സി.എഫ്.എ., കേരള മാരിടൈം ബോർഡ്.

24. ശ്രീ. അശോക് കുമാർ എം., ഫിനാൻസ് ഓഫീസർ, കെ.ആർ.എഫ്.ബി.

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ വിവിധ യോഗനിർദ്ദേശങ്ങളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ, കാലതാമസപത്രികകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച ഫയൽ, എസ്.ആർ.ഒ. സാധൂകരണം എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I നടപടി പത്രികകളുടെ പരിഗണന

1. മലയോര ഹൈവേയുടെ പ്രോജക്ടുകളിൽ ടെക്നിക്കൽ ഡിഫക്ടിന്റെ പേരിൽ ഒഴിവാക്കിയിരുന്ന പ്രോജക്ടുകൾ ചീഫ് എഞ്ചിനീയർ ചെയർമാനായ സ്പെഷ്യൽ കമ്മിറ്റി സ്ക്രൂട്ടിണൈസ് ചെയ്ത് കിഫ്ബിയിൽ സമർപ്പിക്കണമെന്ന സബ്ജക്ട് കമ്മിറ്റി നിർദ്ദേശത്തിൻമേൽ- പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി

(ഫയൽ നം.1046/സബ്.സി.എ 2/2018/നി.സെ.)

പാലക്കാട് ജില്ലയിലെ മലയോര ഹൈവേയുടെ രണ്ട് റീച്ചുകളുടെയും പ്രൊപ്പോസൽ കിഫ്ബി അംഗീകരിച്ച് സാമ്പത്തികാനുമതി നല്കിയിട്ടുണ്ടെന്നും ഇപ്പോൾ സാങ്ഷൻ സ്റ്റേജിലാണുള്ളതെന്നും പൊതുമരാമത്ത് സെക്രട്ടറി അറിയിക്കുകയും റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ചെയ്തു.

2. വിനോദസഞ്ചാര മേഖലയിലുള്ള ഹൗസ് ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് 25-11-2020-ലെ സമിതിയോഗ നിർദ്ദേശത്തിൻമേൽ മത്സ്യബന്ധന തുറമുഖ വകുപ്പ് സ്വീകരിച്ച നടപടി

(ഫ. നം. 617/സബ്.സി.എ 2/2019/നി.സെ)

ശിപാർശ നം. 1&2

പ്രസ്തുത ശിപാർശകളിൻമേൽ മത്സ്യബന്ധന-തുറമുഖ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ശിപാർശ നം. 3

പ്രസ്തുത ശിപാർശയിൻമേലുള്ള മറുപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ വിനോദസഞ്ചാരത്തിനുള്ള ഹൗസ് ബോട്ടുകളിലും മറ്റ് ബോട്ടുകളിലും യാത്രക്കാരിൽ നിന്നും ഈടാക്കുന്ന നിരക്ക് നിശ്ചയിക്കുന്നതിന് നിലവിൽ സംവിധാനമില്ലാത്തതിനാൽ പ്രസ്തുത നിരക്ക് നിശ്ചയിക്കുന്നതിനായി സെക്രട്ടറി വിനോദസഞ്ചാരവകുപ്പ്, സെക്രട്ടറി തുറമുഖവകുപ്പ്, ചെയർമാൻ കേരള മാരിടൈം ബോർഡ് എന്നിവരുൾപ്പെടുന്നൊരു കമ്മിറ്റിയെ ചുമതലപ്പെടുത്താവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

## ശിപാർശ നം. 4

ആലപ്പുഴ, കുമരകം എന്നിവിടങ്ങളിൽ സ്വീവേജ് മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നതായി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സംസ്കരണം സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ആയതിന്റെ വിശദാംശം സമിതി ആരാഞ്ഞിരുന്നു. ആയതിന് മറ്റുസ്ഥലങ്ങളിൽ ബോട്ടുടമകൾ സ്വന്തമായി സ്ഥാപിച്ചിരുന്ന ട്രീറ്റ്മെന്റ് പ്ലാന്റുകളിലാണ് നിലവിൽ സ്വീവേജ് മാലിന്യസംസ്കരണം നടത്തുന്നതെന്ന റിപ്പോർട്ട് സമിതിക്ക് സമർപ്പിച്ചത് സമിതി പരിഗണിച്ച വേളയിൽ ആലപ്പുഴ ഹൗസ്ബോട്ടുകളുമായി ബന്ധപ്പെട്ട മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തനക്ഷമമല്ലെന്ന് പ്രമുഖ പത്രത്തിൽ വാർത്തയുണ്ടായിരുന്നെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്ലാന്റുകൾ ഹൗസ്ബോട്ടുകളുടെ എണ്ണം കൂടുന്നതനുസരിച്ച് അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ടെന്നും പ്രസ്തുത പ്ലാന്റുകളിൽ പലതും പ്രവർത്തനക്ഷമമല്ലെന്നും ആയതിന്റെ എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട് അപാകതയുണ്ടെന്നും ഡി.റ്റി.പി.സി. നന്നായി ശ്രമിക്കുന്നുണ്ടെങ്കിലും ജില്ലാ ഭരണകൂടം, പോലീസ്, പോർട്ട്, ടൂറിസം എന്നിവയുടെ കോർഡിനേഷൻ കൂടി ആവശ്യമാണെന്നും ഹൗസ്ബോട്ട് വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കായലിന്റെ വിശുദ്ധിയും ആവാസവ്യവസ്ഥയേയും സംരക്ഷിക്കേണ്ടതുണ്ടെന്നും മാലിന്യ സംസ്കരണ പ്ലാന്റുകൾ, അതിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ യോഗം ചേർന്നതിന്റെ വിശദാംശങ്ങളും ബോട്ടുടമകൾ സ്വന്തമായി എവിടെയെല്ലാം സ്വീവേജ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്നും സമിതി ആരാഞ്ഞു. മേൽ പരാമർശിച്ച വിവരങ്ങൾകൂടി ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

## ശിപാർശ നം. 5,6,7,8,9 & 10

പ്രസ്തുത ശിപാർശകളിൻമേൽ മത്സ്യബന്ധന-തുറമുഖ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## ശിപാർശ നം. 11

'ആലപ്പുഴയിലെ ഹൗസ്ബോട്ട് സംവിധാനം സർക്കാർ വകുപ്പുകളുടെ നിയന്ത്രണത്തിലല്ലാത്തവിധം മാറിയിരിക്കുകയാണെന്നും ആയിരക്കണക്കിന് ആളുകളുടെ ജീവനുമായി ബന്ധപ്പെട്ട പ്രശ്നമാണെങ്കിൽപോലും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ലായെന്നും വിലയിരുത്തിയ സമിതി, സുരക്ഷാ വ്യവസ്ഥകൾ പാലിക്കാത്ത ബോട്ടുകൾ നിശ്ചിത തീയതിക്കുള്ളിൽ കണ്ടെത്തി സുരക്ഷാ മാനദണ്ഡങ്ങൾ പൂർത്തിയാക്കുന്നതുവരെ അവയുടെ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള നടപടി സ്വീകരിക്കുക;

മാർച്ച് 31-നുള്ളിൽ സ്റ്റെബിലിറ്റി ടെസ്റ്റ് പൂർത്തിയാക്കുവാൻ സാധിക്കാത്ത ബോട്ടുകളുടെ ലൈസൻസ് സസ്പെൻ്റ് ചെയ്യുന്നതിനോ റദ്ദ് ചെയ്യുന്നതിനോ നടപടി സ്വീകരിക്കുക' എന്ന ശിപാർശയിൻമേൽ സമർപ്പിച്ചിട്ടുള്ള നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി സുരക്ഷാ വ്യവസ്ഥകൾ പാലിക്കാത്ത എത്ര ബോട്ടുകളുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ടെന്നും അനധികൃതമായി സർവ്വീസ് നടത്തിയതിന് പിടിച്ച്കെട്ടിയതായി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള 43 ബോട്ടുകൾക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും, ഇപ്രകാരം അനധികൃതമായി സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു. അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾക്കെതിരെ ചുമത്താവുന്ന പെനാൽറ്റി സംബന്ധിച്ച ഇൻലാൻഡ് വെസ്സൽസ് ആക്ടിലെ സെക്ഷൻ 87(2)-ൽ പറയുന്നുണ്ടെന്നും ആവർത്തിച്ച് നിയമം ലംഘിക്കുന്ന ബോട്ടുകളാണ് പിടിച്ച്കെട്ടുന്നതെന്നും എൻഫോഴ്സ്മെന്റ് സംവിധാനം വ്യാപകമാക്കിയാൽ മാത്രമേ അത്തരം ബോട്ടുകളെ കണ്ടെത്താൻ കഴിയുള്ളൂ എന്നും തുറമുഖ വകുപ്പിൽ അത്തരമൊരു എൻഫോഴ്സ്മെന്റ് വിംഗ് നിലവിലില്ലെന്നും കെ.ഐ.വി. നിയമത്തിലെ ചട്ടം 144 അനുസരിച്ച് ഒരു എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിച്ചിട്ടുണ്ടെങ്കിലും ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ ഡി.വൈ.എസ്.പിയുടെ നേതൃത്വത്തിലുള്ള ടീമിനെ നാളിതുവരെ വിന്യസിച്ചിട്ടില്ലെന്നും പിടിച്ചുകെട്ടിയ ബോട്ടുകളിൽ നിന്നും പിഴ ഈടാക്കാൻ മാത്രമേ സാധിക്കുകയുള്ളെന്നും ലൈസൻസ് റദ്ദാക്കേണ്ടതാണെങ്കിൽ ആയത് റദ്ദ് ചെയ്തിട്ടുണ്ടാകാമെന്നും സ്റ്റെബിലിറ്റി ടെസ്റ്റ് പൂർത്തിയാക്കിയതോ ലൈസൻസുള്ളതോ ആയ വെസ്സലുകളാണ് മാരിടൈം ബോർഡിന്റെ രജിസ്റ്ററിലുള്ളതെന്നും അനധികൃതമായി നിർമ്മിച്ച ഇരുന്നോറോളം ബോട്ടുകൾ ബോർഡിന്റെ ശ്രദ്ധയിൽപ്പെടാതെ ആലപ്പുഴ മേഖലയിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകാമെന്നും കേരള മാരിടൈം ബോർഡ് ചെയർമാൻ സമിതി മുമ്പാകെ ബോധിപ്പിച്ചു.

## ശിപാർശ നം. 12

'ആലപ്പുഴ ജില്ലയിൽ രജിസ്റ്റർ ചെയ്യുന്നത് കൂടാതെ മറ്റ് സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ബോട്ടുകളും ആലപ്പുഴയിൽ സർവ്വീസ് നടത്തുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി, ഇത്രയുമധികം ബോട്ടുകൾ സർവ്വീസ് നടത്തുന്നത് പ്രദേശത്തെ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തുകയും ഇക്കാര്യത്തിൽ സമഗ്രമായ പരിശോധന നടത്തണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിഗണിച്ച സമിതി മറ്റ് സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ബോട്ടുകൾ ആലപ്പുഴയിൽ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് സമഗ്രമായ പരിശോധന

നടത്തണമെന്ന സമിതി ശിപാർശയിൻമേൽ സ്വീകരിച്ച നടപടികളെക്കുറിച്ചുകൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു. തുറമുഖ വകുപ്പിലെ സർവ്വേയർമാരാണ് പരിശോധന നടത്തേണ്ടതെന്നും അംഗീകൃത സംഖ്യാബലത്തിനനുസൃതമായുള്ള സർവ്വേയർമാർ തുറമുഖ വകുപ്പിലില്ലെന്നും കരാറടിസ്ഥാനത്തിൽ രണ്ട് സർവ്വേയർമാർ ജോലി ചെയ്തിരുന്നെങ്കിലും നിലവിൽ ഒരാൾ മാത്രമാണുള്ളതെന്നും യോഗ്യതയുള്ള എഞ്ചിനീയർ ഇൻ-ചാർജ്ജിനെയും, ഓഫീസർ ഇൻ-ചാർജ്ജിനെയും നിയോഗിച്ചുകൊണ്ട് റെയ്ഡുകൾ നടത്തുകയും നിരവധി ബോട്ടുകൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചിലത് പിടിച്ചുകെട്ടുകയും ചെയ്തിട്ടുണ്ടെന്നും കേരള മാരിടൈം ബോർഡ് ചെയർമാൻ അറിയിച്ചു.

പ്രസ്തുത വിവരങ്ങളെല്ലാം ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## ശിപാർശ നം.13,14

പ്രസ്തുത ശിപാർശകളിൻമേൽ മത്സ്യബന്ധന-തുറമുഖ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## ശിപാർശ നം.15

'ഹൗസ് ബോട്ട് മേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ചും കായലിലെ ക്യാരിയിംഗ് കപ്പാസിറ്റിയെക്കുറിച്ചും പഠിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് തുറമുഖം, ടൂറിസം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ എന്നീ വകുപ്പ് സെക്രട്ടറിമാർ, കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഡി.ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ആലപ്പുഴയിലെയും എറണാകുളത്തേയും എസ്.പി. മാരെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുക' എന്ന ശിപാർശയിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ 8-1-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെങ്കിലും കമ്മിറ്റി രൂപീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകുന്നതിനു നൽകിയിരുന്ന നിർദ്ദേശം പാലിക്കാനുണ്ടായ കാലതാമസം സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞു. ഇത് സംബന്ധിച്ച് കമ്മിറ്റി യോഗം ചേരുകയും ചില തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നെങ്കിലും ആയത് ക്രോഡീകരിച്ച് സമർപ്പിക്കാനായിട്ടില്ലെന്നും 9-12-2022-ൽ കൂടിയ യോഗത്തിന്റെ റിപ്പോർട്ട് കൈവശമുണ്ടെന്നും അതിൽ ചില വകുപ്പുകളുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാമെന്ന് മുൻപ് തുറമുഖ വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി അറിയിച്ചു. എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നല്ല, ഈ മേഖലയിലെ പ്രശ്നങ്ങളെയും

കായലിന്റെ ക്യാരിയിംഗ് കപ്പാസിറ്റിയെയും കുറിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കാനാണ് സമിതി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് സമിതി ഓർമ്മിപ്പിച്ചു. കായലിന്റെ ക്യാരിയിംഗ് കപ്പാസിറ്റി, സ്വീവറേജ് പ്രശ്നങ്ങൾ എന്നിവയെല്ലാം മേൽപ്പറഞ്ഞ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും റിപ്പോർട്ടുകൾ ലഭ്യമായാൽ മാത്രമേ പ്രസ്തുത റിപ്പോർട്ട് പൂർണ്ണമാകുകയുള്ളൂ എന്നും ചിലവകുപ്പുകളിൽ നിന്നും വിശദാംശങ്ങൾ ലഭിക്കാനുണ്ടെന്നും പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി മറുപടി നൽകി. ഇക്കാര്യങ്ങൾ എല്ലാം ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ശിപാർശ നം.16</u>

പ്രസ്തുത ശിപാർശയിൻമേൽ മത്സ്യബന്ധന-തുറമുഖ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3. <u>പൊതുമരാമത്ത് ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത എൽ.എസ്.ജി.ഡി. റോഡുകൾ, പൊതുമരാമത്ത് വകുപ്പിന്റെ ഹെഡിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഹെഡിലേക്ക് അടിയന്തരമായി മാറ്റുന്നതു സംബന്ധിച്ച് 24-2-2021-ലെ സമിതി യോഗ നിർദ്ദേശത്തിൻമേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>

(ഫയൽ നം. 2214/സബ്.സി.എ 2/2020/നി.സെ.)

പൊതുമരാമത്ത് ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത എൽ.എസ്.ജി.ഡി. റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റെ ഹെഡിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഹെഡിലേക്ക് അടിയന്തരമായി മാറ്റുന്നതു സംബന്ധിച്ച് 24-2-2021-ലെ സമിതി യോഗ നിർദ്ദേശത്തിൻമേൽ സമിതിയുടെ നിർദ്ദേശാനുസരണം ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. <u>കെ.എസ്.ആർ.ടി.സി-യുടെ പ്രവർത്തന അവലോകനം സംബന്ധിച്ച് 28-1-2022-ലെ സമിതി യോഗ നിർദ്ദേശത്തിൻമേൽ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി</u>

(ഫയൽ നം. 2888/സബ്.സി.എ 2/2022/നി.സെ.)

കെ.എസ്.ആർ.ടി.സി-യുടെ പ്രവർത്തന അവലോകനം സംബന്ധിച്ച് 28-1-2022-ലെ സമിതി യോഗ നിർദ്ദേശത്തിൻമേൽ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. <u>കാലതാമസപത്രികകളുടെ പരിഗണന</u>

5. <u>2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 143-ാം ഖണ്ഡികയിലെ ശിപാർശയിൻമേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, കാലതാമസപത്രിക എന്നിവ.</u>

(ഫയൽ നം. 1576/സബ്.സി.എ 2/2020/നി.സെ.)

2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 143-ാം ഖണ്ഡികയിലെ ശിപാർശയിൻമേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

6. <u>പൊതുമരാമത്ത്, മത്സ്യബന്ധന-തുറമുഖം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ, കെ. എസ്. ആർ. ടി. സി., ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളുടെ 2021-22-ലെ വാർഷികപ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസ പത്രികകൾ.</u>

(ഫ.നം.105/സബ്.സി.എ 2/2022/നി.സെ)

പൊതുമരാമത്ത്, മത്സ്യബന്ധന-തുറമുഖം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ, കെ. എസ്. ആർ. ടി. സി., ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളുടെ 2021-22-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസ പത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ</u>

7. <u>അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനം - 30-7-2019-ലെ സമിതി യോഗം - നിയമ വകുപ്പിന്റെ മറുപടി 8-12-2022-ലെ സമിതി യോഗത്തിൽ പരിഗണിച്ച വേളയിൽ വ്യക്തത വരുത്തി പുനർസമർപ്പിക്കാൻ ആവശ്യപ്പെട്ടത്- സംബന്ധിച്ച് നിയമ വകുപ്പിന്റെ കത്ത്</u>

(ഫയൽ നം. 1046/സബ്.സി.എ 2/2018/നി.സെ.)

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനം - 30-7-2019-ലെ സമിതി യോഗനിർദ്ദേശത്തിൻമേൽ നിയമ വകുപ്പിന്റെ മറുപടി 8-12-2022-ലെ സമിതി യോഗത്തിൽ പരിഗണിച്ച വേളയിൽ ആയത് വ്യക്തത വരുത്തി പുനർസമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. നിയമ വകുപ്പിൽ നിന്നും വ്യക്തത വരുത്തി സമർപ്പിച്ചിട്ടുള്ള മറുപടി സമിതി പരിഗണിച്ചു. അഡ്വക്കേറ്റ് ജനറൽ

ഓഫീസിൽ നിന്നും ലഭ്യമായ കത്ത് സമിതിയുടെ പരിഗണിനയ്ക്ക 8-12-2022-ന സമർപ്പിച്ച അവസരത്തിൽ ഒരു പുറം മാറിയതാണ് അവ്യക്തതയ്ക്ക് കാരണമെന്ന് നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിക്കുകയുണ്ടായി. സമിതിയുടെ പരിഗണനയ്ക്ക് നൽകിയ കത്തിന്റെ ഒരു വശം മാറിപ്പോകുക എന്നത് ഒരു വീഴ്ചയാണെന്നും ഇനി ഇത്തരം പിഴവുകൾ ആവർത്തിക്കരുതെന്ന് സമിതി താക്കീത് നൽകുകയും നിയമവകുപ്പിൽ നിന്നുമുള്ള കത്ത് മുഖേന സമർപ്പിച്ചിട്ടുള്ള മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV.എസ്.ആർ.ഒ. സാധൂകരണം

8. 2022-ലെ കേരള മോട്ടോർ വാഹന (നാലാം ഭേദഗതി) ചട്ടം, എസ്.ആർ.ഒ. നമ്പർ 1202/2022-ന്റെ സാധൂകരണം

(ഫ.നം. 541/സബ്.സി.എ 2/2023/നി.സെ.)

സമിതി 2022-ലെ കേരള മോട്ടോർ വാഹന (നാലാം ഭേദഗതി) ചട്ടം, എസ്.ആർ.ഒ. നമ്പർ 1202/2022 പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

9. 2023-ലെ കേരള മോട്ടോർ വാഹന(ഒന്നാം ഭേദഗതി) ചട്ടം, എസ്.ആർ.ഒ. നമ്പർ 20/2023-ന്റെ സാധൂകരണം

(ഫ.നം. 2099/സബ്.സി.എ 2/2023/നി.സെ.)

സമിതി 2023-ലെ കേരള മോട്ടോർ വാഹന(ഒന്നാം ഭേദഗതി) ചട്ടം, എസ്.ആർ.ഒ. നമ്പർ 20/2023 പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

10. 2023-ലെ കേരള മോട്ടോർ വാഹന(രണ്ടാം ഭേദഗതി) ചട്ടം, എസ്.ആർ.ഒ. നമ്പർ 620/2023-ന്റെ സാധൂകരണം

(ഫ.നം. 10580/സബ്.സി.എ 2/2023/നി.സെ.)

സമിതി 2023-ലെ കേരള മോട്ടോർ വാഹന(രണ്ടാം ഭേദഗതി) ചട്ടം, എസ്.ആർ.ഒ. നമ്പർ 620/2023 പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

ഉച്ചയ്ക്ക് 12.05-ന് യോഗം അവസാനിച്ചു.

## 2. 7-9-2023-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2023 സെപ്റ്റംബർ മാസം 7-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി ' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ചു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു, ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ എന്നിവരും വീഡിയോ കോൺഫറൻസിംഗ് മുഖേന യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ:

1) ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.
2) ശ്രീമതി ഉമ തോമസ്, എം.എൽ.എ.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1) ശ്രീ. മോൻസ് ജോസഫ്
2) ശ്രീ. പ്രമോദ് നാരായൺ

നിയമസഭാ സെക്രട്ടേറിയറ്റ് :

1) ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2) ശ്രീ. വിനോദ്കുമാർ എം. കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്
2. ശ്രീ. അശോക് കുമാർ സിംഗ്, സെക്രട്ടറി, ജലവിഭവ വകുപ്പ് & ഡയറക്ടർ, കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ
3. ശ്രീമതി വിജയശ്രീ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
4. ശ്രീ. അജിത് കെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
5. ശ്രീ. ഷൈൻ എ. ഹഖ്, അഡീഷണൽ സെക്രട്ടറി & സി.ഇ.ഒ., കേരള മാരിടൈം ബോർഡ്
6. ശ്രീ. അനിൽകുമാർ ജി., ജോയിന്റ് ജനറൽ മാനേജർ & കമ്പനി സെക്രട്ടറി, കെ.ആർ.ഡി.സി.എൽ.
7. ശ്രീ. പി. ജയകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡി.സി.എൽ.

8. ശ്രീമതി ലിസ്സി കെ.എഫ്., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ദേശീയപാത) വകുപ്പ്

9. ശ്രീമതി ബീന എൽ., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിടങ്ങൾ) വകുപ്പ്

10. ശ്രീ. ഹൈജീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പ്

11. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ

12. ശ്രീ. സതീഷ് എൻ., സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് (റോഡുകളും പാലങ്ങളും) വകുപ്പ്

13. ശ്രീ. ബി. സുനിൽ കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് (കെട്ടിടങ്ങൾ) വകുപ്പ്

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ ഉദ്യോഗസ്ഥൻ:

1. ശ്രീ. ബിജു പ്രഭാകർ, സി.എം.ഡി., കെ.എസ്.ആർ.ടി.സി.

സമിതി 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേൽ വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ നടപടി പത്രികകൾ, 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവയുടെ കരട് തുടങ്ങിയവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന:

1. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ

(ഫയൽ നം. 13337/സബ്.സി.എ.2/2022/നി.സെ.)

ശിപാർശ നമ്പർ 12-50

ഓരോ ശീർഷകത്തിലും വകയിരുത്തിയ തുക, അധികമായി അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെന്നും സമിതിക്ക് ലഭ്യമാക്കുന്ന മറുപടികളിൽ കുറച്ചുകൂടി വ്യക്തത വരുത്താൻ പൊതുമരാമത്ത് വകുപ്പ് ശ്രദ്ധിക്കണമെന്നും സമിതി ചൂണ്ടിക്കാട്ടുകയും 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ (ശിപാർശ നം. 12 മുതൽ 50 വരെ) പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ മത്സ്യബന്ധന-തുറമുഖ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ

(ഫയൽ നം. 13337/സബ്.സി.എ.2/2022/നി.സെ.)

ശിപാർശ നമ്പർ 51-67

2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ (ശിപാർശ നം. 51 മുതൽ 67 വരെ) മത്സ്യബന്ധന-തുറമുഖ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ

(ഫയൽ നം. 13337/സബ്.സി.എ.2/2022/നി.സെ.)

ശിപാർശ നമ്പർ 79-84, 86 &91

വകുപ്പിന് അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടെന്ന് ജലവിഭവ വകുപ്പ് സെക്രട്ടറി & ഡയറക്ടർ, കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് സമിതിയെ ധരിപ്പിച്ചു. ഖണ്ഡിക നം. 86-ലെ, 5056-001-104-83- ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്- നാവിഗേഷൻ-ദേശീയ ജലപാതയിൽ ക്രോസ് സ്ട്രക്ചർ നിർമ്മാണം (NABARD-RIDF) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 25 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു.

പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾക്കുള്ള സാങ്കേതിക അനുമതിക്കാവശ്യമായ നടപടി സ്വീകരിച്ചുവരികയാണെന്ന് ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ ചീഫ് എഞ്ചിനീയർ മറുപടി നൽകുകയും 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ (ശിപാർശ നം. 79-84, 86 &91) കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ.

(ഫയൽ നം. 13337/സബ്.സി.എ.2/2022/നി.സെ.)

ശിപാർശ നമ്പർ 1-11, 68-78, 85, 90, 96 & 97

2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ (ശിപാർശ നം. 1-11, 68-78, 85, 90, 96 & 97) ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. കരട് റിപ്പോർട്ടുകളുടെ പരിഗണന

1. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(ഫയൽ നം. 13041/സബ്.സി.എ.2/2023/നി.സെ.)

2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

(ഫയൽ നം. 9398/സബ്.സി.എ.2/2023/നി.സെ.)

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 4.30-ന് യോഗം അവസാനിച്ചു.

843/2024.

## 3. 4-3-2024-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2024 മാർച്ച് മാസം 4-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ നേരിട്ടും, തുറമുഖ-സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ വീഡിയോ കോൺഫറൻസിംഗ് മുഖേനയും യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ:

ശ്രീ. കെ. പ്രേംകുമാർ, എം.എൽ.എ.

ശ്രീ. വി. ആർ. സുനിൽകുമാർ, എം.എൽ.എ.

ശ്രീമതി ഉമ തോമസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1) ശ്രീമതി ഷബാന അഞ്ജൂം, ജോയിന്റ് സെക്രട്ടറി
2) ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
2. ശ്രീമതി മിനി വി., സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ശ്രീ. അനിൽ കുമാർ ജി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. അജയ കുമാർ കെ. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി സിന്ധു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീമതി സൈജമോൾ എൻ. ജേക്കബ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്
8. ശ്രീ. ഷൈൻ എ. ഹഖ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ മാരിടൈം ബോർഡ്

9. ശ്രീമതി ലിസി കെ. എഫ്., മാനേജിംഗ് ഡയറക്ടർ, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK)

10. ശ്രീമതി ബീന എൽ., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്

11. ശ്രീമതി കെ. ആർ. മധുമതി, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ഡിസൈൻ) വകുപ്പ്

12. ശ്രീ. അൻസാർ എം., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നാഷണൽ ഹൈവേ) വകുപ്പ്

13. ശ്രീ. മുഹമ്മദ് അൻസാരി, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

14. ശ്രീമതി ഹൈജീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ബ്രിഡ്ജസ്) വകുപ്പ്

15. ശ്രീ. അജിത് രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ്) വകുപ്പ്

16. ശ്രീമതി റ്റി. എസ്. സുജാറാണി, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (KSTP)

17. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് (IN & KP), ആലപ്പുഴ

18. ശ്രീമതി സ്മിത അലക്സ്, ഡെപ്യൂട്ടി സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

19. ശ്രീ. ജോസഫ് കെ. ജെ., ജനറൽ മാനേജർ, കെ.ആർ.ഡി.സി.എൽ.

20. ശ്രീ. ജെറോഷ് കുമാർ വി., ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്

21. ശ്രീ. സിബി ജെ. പുല്ലോപ്പിള്ളിൽ, ചീഫ് ഫിനാൻസ് ഓഫീസർ, ആർ.ബി.ഡി.സി.കെ.

22. ശ്രീ. സതീഷ് എൻ., സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് (റോഡുകളും പാലങ്ങളും) വകുപ്പ്

23. ശ്രീ. ബി. സുനിൽ കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്

24. ശ്രീ. തബേഷ് പി., ഫിനാൻസ് ഓഫീസർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

25. ശ്രീ. റിജി എ. സണ്ണി, ഫിനാൻസ് ഓഫീസർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന XV(പൊതുമരാമത്ത്), XL(തുറമുഖങ്ങൾ) എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XV-പൊതുമരാമത്ത്

**2059—പൊതുമരാമത്ത്**

2059-01-053—പൊതുമരാമത്ത് - ഓഫീസ് കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ വകുപ്പിന് കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2059-60-053—പൊതുമരാമത്ത് - മറ്റു കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, കഴക്കൂട്ടം സൈനിക സ്കൂൾ, ചരക്ക് സേവനനികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും തിരുവനന്തപുരം നഗരത്തിലുള്ള മറ്റു സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 7.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2059-80-053 —പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനും പൊതുമരാമത്ത് വിശ്രമമന്ദിരങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കും വൈദ്യുത ചാർജ്ജ് ഇനത്തിനുമായി ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**3054—റോഡുകളും പാലങ്ങളും.**

3054-01-001-99—റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ്-ഭരണവും നടത്തിപ്പും - ചീഫ് എഞ്ചിനീയർ നാഷണൽ ഹൈവേ

മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, ഇന്ധന ചെലവ്, ടെലിഫോൺ ചാർജ്ജ് എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും കുടിശ്ശിക നൽകാനുള്ളതിനാലും ഈ ശീർഷകത്തിൽ 10.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-01-001-98—റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് - ഭരണവും നടത്തിപ്പും - മേൽനോട്ടവും നിർവ്വഹണവും

മേൽനോട്ടവും നിർവ്വഹണവും എന്ന വിഭാഗത്തിൽ യാത്രാചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, ഇന്ധന ചെലവ്, യാത്രാ ആനുകൂല്യം, ടെലിഫോൺ ചാർജ്ജ് എന്നീ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും കുടിശ്ശിക നൽകാനുള്ളതിനാലും ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-03-337-95—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ -റോഡു പണികൾ -വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/ സ്വാതന്ത്ര്യദിനാചരണം എന്നിവ സംബന്ധിച്ച പണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-03-337-93—റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ - റോഡു പണികൾ - ശബരിമല വർക്കുകൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനായും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായും ഈ ശീർഷകത്തിൽ 70 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-99—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ്

നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ വെള്ളക്കരം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, തുടങ്ങിയവയ്ക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20.35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-98—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - മേൽനോട്ടം

നിരത്തുകൾ വിഭാഗം മൂന്ന സർക്കിൾ കാര്യാലയങ്ങളിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവ് തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.52 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-97—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം

നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചെലവ്, മറ്റിനങ്ങൾ, വാടക, കരം, നികുതി, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 89.13 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-95—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് വകുപ്പ്(പാലങ്ങൾ)

പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഇന്ധന ചെലവ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.69 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-94—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് വകുപ്പ് (മെയിന്റനൻസ്)

മെയിന്റനൻസ് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സ്ഥലംമാറ്റ ബത്ത, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, അവധി യാത്രാ ബത്ത, മറ്റിനങ്ങൾ തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.86 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-93—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിന് കീഴിലുള്ള സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസ്

പാലങ്ങൾ വിഭാഗം 2 സർക്കിൾ കാര്യാലയത്തിലെ ഇന്ധന ചെലവ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, സ്ഥലംമാറ്റ യാത്രാബത്ത, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-92—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും- പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിനുകീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്

പാലങ്ങൾ വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും ഇന്ധന ചെലവ്, വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, അവധി യാത്രാബത്ത, സ്ഥലംമാറ്റ യാത്രാബത്ത, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, സ്റ്റൈപ്പന്റ് തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 41.25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-001-91—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - പൊതുമരാമത്ത് (റോഡ് പരിപാലനം) വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്

മെയിന്റനൻസ് വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും ഇന്ധന ചെലവ്, വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, അവധി യാത്രാബത്ത, യാത്രാബത്ത, സ്ഥലംമാറ്റ ബത്ത, വെള്ളക്കരം, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, വൈദ്യുതി ചാർജ്ജ്, മറ്റിനങ്ങൾ തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35.05 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-004-99—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും റീജിയണൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ കാര്യാലയങ്ങളിലെയും സാലറി ഒഴികെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.1839 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-004-98—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പബ്ലിക് വർക്ക് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

രൂപകൽപ്പനാ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ യാത്രാബത്ത, സ്ഥലംമാറ്റ ബത്ത, അവധിയാത്രാനുകൂല്യം, ടെലിഫോൺ, മറ്റിനങ്ങൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവ്, ചികിത്സാ ചെലവ് തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15.31 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-004-93—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പൊതുമരാമത്ത് വകുപ്പിൻ കീഴിലെ ഇ-ഗവേണൻസ്

പൊതുമരാമത്ത് വകുപ്പിനു കീഴിലെ ഇ-ഗവേണൻസ് പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 3.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-004-92—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - ക്വാളിറ്റി കൺട്രോൺ യൂണിറ്റ് സ്ഥാപിക്കലും കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും

നേര്യമംഗലം ട്രെയിനിംഗ് സെന്ററിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, ഓട്ടോമേറ്റഡ് മൊബൈൽ ലാബുകൾ, മൊബൈൽ വാൻ എന്നിവയുടെ പ്രവർത്തനത്തിനും പരിപാലനത്തിനും, പെർമിറ്റ്, ലൈസൻസ് പുതുക്കൽ , ഡിസൈൻ വിംഗ് മുഖേന കൈകാര്യം ചെയ്യുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കും ഡി.പി.ആർ. തയ്യാറാക്കൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-107-97—റോഡുകളും പാലങ്ങളും - ജനറൽ - റെയിൽവേ സുരക്ഷിതത്വ പണികൾ - കാവൽക്കാർ ഇല്ലാത്ത ലെവൽക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

കാവൽക്കാർ ഇല്ലാത്ത ലെവൽക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് റെയിൽവേയ്ക്ക് നൽകേണ്ട കുടിശ്ശിക നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3054-80-800-87—<u>റോഡുകളും പാലങ്ങളും - ജനറൽ - മറ്റു ചെലവുകൾ - ബിൽ ഡിസ്കൗണ്ടിംഗ് ചാർജ്ജുകൾ</u>

പെൻഡിംഗ് ബിൽ ഡിസ്കൗണ്ടിംഗ് ചാർജ്ജ് ക്രമീകരിക്കാനായി ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**4059—പൊതുമരാമത്ത് മൂലധനച്ചെലവ്**

4059-01-051-99—<u>പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സംസ്ഥാന നിയമസഭ</u>

സംസ്ഥാന നിയമസഭയുടെ പരിഷ്കരണ ജോലികൾക്കും നവീകരണ ജോലികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-01-051-97—<u>പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - ഇലക്ഷൻ</u>

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിരം, VVPAT, വെയർ ഹൗസ് എന്നിവയുടെ നിർമ്മാണത്തിനും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 6.73 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-01-051-96—<u>പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - ഭൂനികുതി</u>

ഭൂനികുതി വകുപ്പിലെ പണികൾക്കായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 1.76 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-01-051-92—<u>പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - പബ്ലിക് സർവ്വീസ് കമ്മിഷൻ</u>

പബ്ലിക് സർവ്വീസ് കമ്മീഷനിലെ വിവിധ പണികൾക്കായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-01-051-86 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പൊതുമരാമത്തു പണികൾ (സിവിൽ ജോലികൾ)

പണികൾ പൂർത്തീകരിക്കാനും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും ഈ ശീർഷകത്തിൽ 18 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-01-051-82—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - സംസ്ഥാന ആസൂത്രണ ബോർഡിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം/ നവീകരണം

കരാറുകാർക്ക് കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള നിലവിലെ മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള വിവിധ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-60-051-72—പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം -നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4059-60-051-71—പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം - ജയിലുകളുടെ ആധുനികവൽക്കരണം

ജയിലുകളുടെ ആധുനികവൽക്കരണത്തിനായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനായും ഈ ശീർഷകത്തിൽ 5.9290 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**5054—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്**

5054-03-101-99—റോഡുകളും പാലങ്ങളും - സംസ്ഥാന പാതകൾ - പാലങ്ങൾ - പാലങ്ങളും കലുങ്കുകളും

കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനായും പുരോഗമിക്കുന്ന പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായും ഈ ശീർഷകത്തിൽ 13.8138 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-03-337-98—<u>റോഡുകളും പാലങ്ങളും - സംസ്ഥാന പാതകൾ – റോഡുപണികൾ – വികസനവും പരിഷ്കരണവും</u>

കരാറുകാർക്ക് കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള വിവിധ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 23.2208 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-03-337-97—<u>റോഡുകളും പാലങ്ങളും - സംസ്ഥാന പാതകൾ – റോഡുപണികൾ – കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (ലോക ബാങ്ക് സഹായിക്കുന്നത്)</u>

കെ.എസ്.റ്റി.പി. രണ്ടാംഘട്ടത്തിൽ നടന്നുവരുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കും ഒന്നാംഘട്ടത്തിൽ കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരങ്ങളിൽ തീർപ്പുകൽപ്പിക്കുന്ന പക്ഷം ഉണ്ടാകാവുന്ന ചെലവുകൾക്കും ഓഫീസ് ജീവനക്കാര്യങ്ങൾക്കും വരാവുന്ന പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 120.82 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-101-99—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - പ്രധാന ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും</u>

കരാറുകാരുടെ കുടിശ്ശിക മാറി നൽകുന്നതിനും പുരോഗമിക്കുന്ന പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിനും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15.6343 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-101-98—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - മറ്റു ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-101-96 —<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - പാലങ്ങളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ</u>

പുരോഗമിക്കുന്ന പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിനും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 16.7463 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-101-93—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - നിലവിലുള്ള പാലങ്ങളുടെ പുനരുദ്ധാരണം/പുനർനിർമ്മാണം</u>

നിലവിലുള്ള പാലങ്ങളുടെ പുനർനിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 474.4069 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-101-92—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - ആദിവാസി കോളനികളിലേക്കുള്ള പാലങ്ങളുടെ നിർമ്മാണം/പുനർനിർമ്മാണം</u>

ആദിവാസി സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി കോളനികളിലേക്കുള്ള ഗതാഗതത്തിനായി കൂടുതൽ പാലങ്ങൾ നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 43.2208 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-101-86—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്തു പണികൾ (പാലങ്ങൾ)</u>

കരാറുകാരുടെ കുടിശ്ശിക മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-337-99—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും</u>

പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകുന്നതിനായും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായും ഈ ശീർഷകത്തിൽ 362.5453 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-337-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - മറ്റു ജില്ലാതല റോഡുകൾ പുതിയ പണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-337-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - മറ്റ് ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 18 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-337-89—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - ശബരിമല റോഡ് പ്രോജക്ട്

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 87.1746 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-337-80—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം

ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-04-337-79—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ കൊച്ചിയിൽ സീപോർട്ട് എയർപോർട്ട് റോഡിന്റെ നിർമ്മാണം

HMT & NAD ഭൂമി ലഭ്യമായാൽ ഈ റീച്ചിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 9.9917 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-80-004-98—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - ഗവേഷണം - ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും</u>

പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന കാലാവധി കഴിയാറായ സോഫ്റ്റ് വെയറുകളുടെ ലൈസൻസ് പുതുക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-80-107-99—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - റെയിൽവേ സുരക്ഷിതത്വ പണികൾ - റെയിൽവേ സുരക്ഷിതത്വ പണിക ൾ</u>

KRDCL -ലെ 27 റെയിൽവേ മേൽപ്പാലങ്ങളുടെ/അടിപ്പാതകളുടെ ഭൂമിയേറ്റെടുക്കൽ തുകയും നഷ്ടപരിഹാര തുകയും നൽകുന്നതിനായും ലെവൽക്രോസുകൾക്ക് പകരമായുള്ള അടിപ്പാത/മേൽപ്പാത നിർമ്മാണത്തിനായും, RBDCK-യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 214.9830 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-80-337-88—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ- റോഡ് പണികൾ- പ്രളയ ബാധിത പ്രദേശങ്ങളിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 15 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5054-80-800-82—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -ജനറൽ - മറ്റു ചെലവ് - പൊതുമരാമത്ത് വകുപ്പിൻ കീഴിലെ ഇ-ഗവേണൻസ്</u>

പൊതുമരാമത്ത് വകുപ്പിനു കീഴിലെ ഇ-ഗവേണൻസ് പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 5.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-69—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -ജനറൽ- മറ്റു ചെലവ് - സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി</u>

2024-25 സാമ്പത്തിക വർഷത്തെ നടത്തിപ്പ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 6.37 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന XL-തുറമുഖങ്ങൾ

**3051—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും**

3051-02-001-98-01-4—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - ശമ്പളം-മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്

മുൻ സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3051-02-001-98-04-1—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - യാത്രാ ചെലവുകൾ - യാത്രാ ബത്ത

മുൻ സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3051-02-001-98-04-4—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - യാത്രാ ചെലവുകൾ - അവധി യാത്രാനുകൂല്യം

വകുപ്പിലെ ജീവനക്കാർ LTC ഉപയുക്തമാക്കിയ വകയിൽ നിലനിൽക്കുന്ന കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3051-02-001-98-05-2—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്- ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

KSEB-യുടെ സെൻട്രലൈസ്ഡ് ബില്ലിംഗ് സിസ്റ്റം വഴി ഇലക്ട്രിസിറ്റി ചാർജ്ജ് ഒടുക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3051-02-001-98-05-4—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വകുപ്പിന്റെ വിവിധ കാര്യാലയങ്ങളിൽ സ്റ്റാമ്പിനത്തിലും ദൈനംദിന പ്രവർത്തനത്തിനുള്ള മറ്റു ചെലവുകൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3051-02-001-98-06—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്-വാടക, കരം, നികുതി

വകുപ്പിന്റെ എറണാകുളം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശിക ഒടുക്കുന്നതിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3051-02-001-98-12—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്-സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും

വകുപ്പിൽ നിയമിതരായ അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപ്പൻഡ് നല്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3051-02-001-98-21-1—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് -മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങുന്നതിന്

വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ വളരെ പഴക്കം ചെന്നതും സർവ്വെ റിപ്പോർട്ട് ചെയ്യേണ്ട അവസ്ഥയിലുള്ളതുമായതിനാൽ വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3051-02-001-98-21-2—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്- മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന പഴക്കം ചെന്ന ഔദ്യോഗിക വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3051-02-001-98-45—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്-പി.ഒ. എൽ.

2023-24 സാമ്പത്തിക വർഷം ഇന്ധന ചാർജ്ജ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ കുടിശ്ശിക ബില്ലുകൾ അടച്ചു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3051-02-103-99-01-4—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും -ചെറുകിട തുറമുഖങ്ങൾ- ഡ്രഡ്ജിംഗും സർവ്വേയിങ്ങും - ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം- ശമ്പളം - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്

മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3051-02-103-99-21-2—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ -ഡ്രഡ്ജിംഗും സർവ്വേയിങ്ങും - ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം- മോട്ടോർവാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വകുപ്പിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**5051—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്**

5051 -02-200-74—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ചെറുകിട തുറമുഖങ്ങൾ - മറ്റു ചെറുകിട തുറമുഖങ്ങൾ-ബേപ്പൂർ, കോഴിക്കോട് തുറമുഖങ്ങളുടെ വികസനം

ബേപ്പൂർ തുറമുഖത്ത് രണ്ടാം ഘട്ട ഡ്രഡ്ജിംഗ് പ്രവൃത്തികൾക്കായി 2024-25 സാമ്പത്തിക വർഷം 44.5 കോടി രൂപ ആവശ്യമായി വരുന്നതിനാൽ അനുവദിച്ച 19.5 കോടി രൂപ കൂടാതെ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കിറ്റ്കോ-യുടെ പഠനത്തിലുണ്ടായ പ്രശ്നംമൂലം മുൻപ് പ്രഖ്യാപിച്ചതിനെക്കാൾ കൂടുതൽ തുകയായിട്ടുണ്ടെന്നും ഡ്രഡ്ജിംഗ് പ്രവൃത്തികൾ കിറ്റ്കോ-യെ ഏൽപ്പിക്കുന്നതിനെക്കാൾ ULCCS ഏറ്റെടുക്കുമെങ്കിൽ അവരെ ഏൽപ്പിക്കുകയും തുടങ്ങിവച്ച ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യാമെന്നും സമിതി ചൂണ്ടി കാട്ടി.

5051-80-001-93—<u>തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - ഭരണവും നടത്തിപ്പും - ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ കീഴിലുള്ള ബോട്ട് ഷെൽട്ടേഴ്സ്, ഓഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവും പുനരുദ്ധാരണവും</u>

ആലപ്പുഴയിൽ പുതിയ ഓഫീസ് കെട്ടിടവും ഉപഗ്രഹകേന്ദ്രവും നിർമ്മിക്കുന്നതിന് തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5051-80-800-91—<u>തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ- മറ്റ് ചെലവുകൾ- ഇലക്ട്രോണിക് ഉപകരണങ്ങൾ, സർവ്വേ ഉപകരണങ്ങൾ ഇവ വാങ്ങുന്നതിന്</u>

മൾട്ടി ബീം എക്കോ സൗണ്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

രാവിലെ 11.25-ന് യോഗം അവസാനിച്ചു.

## 4. 4-3-2024-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2024 മാർച്ച് മാസം 4-ാം തീയതി തിങ്കളാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ നേരിട്ടും തുറമുഖ-സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ വീഡിയോ കോൺഫറൻസിംഗ് മുഖേനയും യോഗത്തിൽ പങ്കെടുത്തു.

<u>ഹാജരായ അംഗങ്ങൾ</u>

ശ്രീ. കെ. പ്രേംകുമാർ, എം.എൽ.എ.

ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

ശ്രീമതി ഉമ തോമസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1) ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

2) ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. അശോക് കുമാർ സിംഗ്, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ് & കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്
2. ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി, ഗതാഗത വകുപ്പ് (മെട്രോ-റെയിൽവേ)
3. ഡോ. കെ. വാസുകി, സെക്രട്ടറി, ഗതാഗത വകുപ്പ്
4. ശ്രീമതി രാരി രാജൻ, സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ് & കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്
5. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി ഷീല എം., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്

7. ശ്രീമതി സിന്ധു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

8. ശ്രീ. എസ്. ശ്രീജിത്, ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്

9. ഡോ. രാജശ്രീ അജിത്, മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്

10. ശ്രീ. നിജു അഴകേശൻ, ഡയറക്ടർ, കേരള റോഡ് സുരക്ഷാ അതോറിറ്റി

11. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്

12. ശ്രീ. പി. എസ്. പ്രമോജ് ശങ്കർ, സി.എം.ഡി., കെ.എസ്.ആർ.ടി.സി. & അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്

13. ശ്രീമതി ആർ. ഗിരിജ, മാനേജിംഗ് ഡയറക്ടർ, കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്

14. ശ്രീ. ശ്യാംഗോപാൽ, ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റ് & കുട്ടനാട് പാക്കേജ്

15. ഡോ. സി. സതീഷ് കുമാർ, പ്രിൻസിപ്പാൾ, ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

16. ശ്രീ. ജോസഫ് കെ. ജെ., ജനറൽ മാനേജർ, കെ.ആർ.ഡി.സി.എൽ.

17. ശ്രീമതി സീനി അലക്സ്, ജനറൽ മാനേജർ (റ്റി.&എ.) കെ.എം.ആർ.എൽ.

18. ശ്രീ. മനോജ് കുമാർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്

19. ശ്രീ. പ്രസാദ് ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ഓഫീസ്

20. ശ്രീമതി സജിത കുമാരി ആർ., അക്കൗണ്ട്സ് ഓഫീസർ, ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന IX(വാഹന നികുതികൾ), XLI(ഗതാഗതം) എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ

### 2041—വാഹന നികുതികൾ

2041-00-001-99-05-1—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ - വെള്ളക്കരം

2023-24-ൽ തുക അപര്യാപ്തമായിരുന്നതിനാൽ റീ അപ്രോപ്രിയേഷൻ പ്രപ്പോസൽ ഗവൺമെന്റിൽ സമർപ്പിച്ചിരുന്നുവെങ്കിലും ലഭ്യമായില്ല. വെള്ളക്കരയിനത്തിൽ അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2041-00-001-99-05-3—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്.

ധനകാര്യ വകുപ്പിൽ നിന്നുള്ള നിർദ്ദേശ പ്രകാരം ബി.എസ്.എൻ.എൽ ലീസ്ഡ് സർക്യൂട്ട് കണക്ഷൻ പേയ്മെന്റുകളും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത് ആയതിനാൽ ടെലിഫോൺ ചെലവിനത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കെ-ഫോൺ സൗകര്യം ലഭ്യമാകുന്നിടത്ത് കെ-ഫോൺ കണക്ഷൻ ഉപയോഗിക്കണമെന്ന് സമിതി സൂചിപ്പിച്ചു.

2041-00-001-99-05-4—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഓൺലൈനിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി പോസ്റ്റൽ ചാർജ് ഓൺലൈനായി സ്വീകരിച്ച നടപടികളുടെ ഭാഗമായി തപാൽ വകുപ്പിന് നൽകേണ്ട തുക ഈ ശീർഷകത്തിൽ നിന്നും നൽകുന്നതിനു നിർദ്ദേശിച്ചിട്ടുള്ളതിനാലും, മറ്റ് ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഓൺലൈൻ സൗകര്യങ്ങൾ (ഇ-മെയിൽ) കൂടുതലായി ഉപയോഗിച്ചുകൊണ്ട് പോസ്റ്റ് ഓഫീസുമായി ബന്ധപ്പെട്ട ചെലവുകൾ കുറയ്ക്കാൻ ശ്രമിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2041-00-001-96—വാഹന നികുതികൾ -നടത്തിപ്പും ഭരണവും - ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്

മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളുടെയും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആർ.ടി. ഓഫീസുകളുടെയും സബ് ആർ.ടി. ഓഫീസുകളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ICT ഉപകരണങ്ങൾ വാങ്ങുന്നതിനും ലൈസൻസും ആർ.സി.യും സ്മാർട്ട് കാർഡിലേയ്ക്ക് മാറ്റുന്നതിന (PET) കാർഡുകൾ പ്രിന്റ് ചെയ്യുന്നതിനുള്ള പേയ്മെന്റുകൾക്കും നിലവിലുള്ള കുടിശ്ശികകൾ തീർക്കുന്നതിനുമായി ഈ ശീർഷകത്തിൽ 65 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2041-00-102-99-04-1—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന -മോട്ടോർ വാഹനങ്ങളുടെ പരിശോധന – യാത്രാ ചെലവുകൾ- യാത്രാ ബത്ത

പ്രതീക്ഷിത ചെലവുകൾക്കും കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2041-00-102-99-21-2—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന -മോട്ടോർ വാഹനങ്ങളുടെ പരിശോധന– മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

പ്രതീക്ഷിത ചെലവുകൾക്കും കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2041-00-102-99-45—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന – മോട്ടോർ വാഹനങ്ങളുടെ പരിശോധന - പി.ഒ.എൽ.

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ ഓഫീസുകളിലെയും വാഹനങ്ങളുടെയും എൻഫോഴ്സ്മെന്റ് വാഹനങ്ങളുടെയും ഇന്ധനച്ചെലവിനത്തിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## XLI - ഗതാഗതം

### 3056—ഉൾനാടൻ  ജലഗതാഗതം

3056-00-001-99-05-1 —ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വെള്ളക്കരം

വെള്ളക്കരനിരക്ക് വർദ്ധനവിന്റെ അടിസ്ഥാനത്തിലുണ്ടായ അധികബാധ്യത കൊടുത്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-05-2—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വകുപ്പ് ഇ– ഓഫീസ് സംവിധാനത്തിലേക്ക് മാറിയപ്പോൾ കൂടുതൽ വൈദ്യുതി ആവശ്യമുള്ളതിനാൽ ആ ഇനത്തിലുള്ള ചെലവുകൾക്കായും താരിഫ് നിരക്ക് വർദ്ധിപ്പിച്ച സാഹചര്യം നേരിടുന്നതിനായും ഈ ശീർഷകത്തിൽ 4.13 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-05-3— ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും -മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

പ്രസ്തുത ശീർഷകത്തിൽ എന്തുകൊണ്ടാണ് ടെലിഫോൺ ചാർജ്ജസുമായി ബന്ധപ്പെട്ട് ഇത്രയും തുക അധികമായി ആവശ്യപ്പെടുന്നതെന്ന് സമിതി ആരാഞ്ഞു ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിനാൽ ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് അധിക തുക ആവശ്യപ്പെടുന്നതെന്ന് ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ് മറുപടി നൽകി.

ഇന്റർനെറ്റിനു വേണ്ടി കെ-ഫോൺ സൗകര്യം ലഭ്യമാണോ എന്ന സമിതിയുടെ ചോദ്യത്തിന് കെ-ഫോൺ സൗകര്യം ലഭ്യമാണെങ്കിലും അതിനെ മാത്രം പൂർണ്ണമായി ആശ്രയിക്കാൻ കഴിയില്ലെന്ന് ഡയറക്ടർ ഉത്തരം നൽകി.

ജലഗതാഗതവുമായി ബന്ധപ്പെട്ട് ടൂറിസം പദ്ധതികളെന്തെങ്കിലും നിലവിലുണ്ടോയെന്ന് ബഹു. ഗതാഗത മന്ത്രി ആരാഞ്ഞതിന് നിലവിൽ ടൂറിസം പദ്ധതികളാണ് കൂടുതലായി ചെയ്യുന്നതെന്ന് ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ് മറുപടി നൽകി.

ടൂറിസവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഒരു യോഗം ചേരുന്ന കാര്യം തീരുമാനിക്കണമെന്ന് ബഹു. ഗതാഗത മന്ത്രി സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. അപ്രകാരം ഒരു യോഗം ചേരുന്ന കാര്യം പരിഗണിക്കാമെന്ന് സമിതി ചെയർമാൻ മറുപടി നൽകി.

ടെലിഫോൺ ചാർജ് വർദ്ധന, ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നപ്പോൾ ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.51 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-06—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - വാടക, കരം, നികുതി</u>

പ്രസ്തുത ശീർഷകം പരിഗണിച്ച വേളയിൽ വാടക കെട്ടിടത്തിൽ ഏതെങ്കിലും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതിയുടെ ചോദ്യത്തിന് രണ്ടുമൂന്ന് സ്റ്റേഷൻ ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഡയറക്ടർ (സംസ്ഥാന ജലഗതാഗത വകുപ്പ്) മറുപടി നൽകി.

ബോട്ടുകളുടെയും കെട്ടിടങ്ങളുടെയും ലൈസൻസ്/നികുതി നിരക്കിൽ ഉണ്ടായ വർദ്ധനവിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-17—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ചെറുകിട മരാമത്തുപണികൾ</u>

സാധന സാമഗ്രികൾ, കൂലി എന്നിവയുടെ നിരക്കുവർദ്ധിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-21-2—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വകുപ്പിലെ വാഹനങ്ങളുടെ സ്പെയർ പാർട്സ് വില, ലേബർ ചാർജ് എന്നിവയിലുണ്ടായ വർദ്ധനവ് കാരണം ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-99-99—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - വിവര സാങ്കേതിക വിദ്യ

ഇ-ഓഫീസ് സംവിധാനം സബ് ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി അധിക തുക ആവശ്യം വരുന്നതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-98-02-5— ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - വേതനം - ദിവസവേതനം

ടൂറിസം ഉൾപ്പെടെയുള്ള അധിക സർവ്വീസുകളുടെ നടത്തിപ്പിന് ദിവസവേതന ജീവനക്കാർക്ക് വേതനം നല്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-98-34-3— ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - മറ്റു ചെലവുകൾ-മറ്റിനം

സർവ്വീസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ടിക്കറ്റ് വെന്റിംഗ് മെഷീൻ, പേപ്പർ റോൾ, പോർട്ടർചാർജസ്, മറ്റ് അനുബന്ധ ചെലവുകൾ എന്നിവക്കായി ഈ ശീർഷകത്തിൽ 16.2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-98-45—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - പി.ഒ.എൽ.

ബോട്ടുകളുടെ പ്രധാന ഇന്ധനമായ ഡീസലിന് കാലാകാലങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവ് നിമിത്തം ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-97-12—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പു-അറ്റകുറ്റപ്പണികളും സംരക്ഷണവും - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

സ്റ്റൈപ്പന്റ് നിരക്ക് വർദ്ധനവ് നിമിത്തം ഈ ശീർഷകത്തിൽ 2.8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-97-19—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും -അറ്റകുറ്റപ്പണികളും സംരക്ഷണവും - യന്ത്രോപകരണങ്ങൾ

ബോട്ടുകളുടെ സ്പെയർ പാർട്സുകളുടെ വില വർദ്ധനവും ടൂറിസം ഉൾപ്പെടെയുള്ള സർവ്വീസുകൾ വർദ്ധിപ്പിച്ചതും അറ്റകുറ്റപ്പണികളുടെ ഇനത്തിൽ ചെലവ് വർദ്ധിപ്പിച്ചതിനാൽ ഈ ശീർഷകത്തിൽ 32.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-001-97-34-3—ഉൾനാടൻജലഗതാഗതം - ഭരണവുംനടത്തിപ്പും അറ്റകുറ്റപ്പണികളും സംരക്ഷണവും -മറ്റ് ചെലവുകൾ - മറ്റിനം

ബോട്ടുകളുടെ അറ്റകുറ്റപ്പണി വിഭാഗത്തിൽ അനുബന്ധ ചെലവുകളിൽ ആനുകാലികമായി ഉണ്ടായ വർദ്ധനവ് നിമിത്തം ഈ ശീർഷകത്തിൽ 25,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-003-99—ഉൾനാടൻ ജലഗതാഗതം - പരിശീലനവും ഗവേഷണവും - ഉൾനാടൻ ജലഗതാഗത വകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലനം

ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായി വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80,000 രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-800-99-34-3—ഉൾനാടൻ ജലഗതാഗതം-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റിനം

സർവ്വീസ് നടത്തിപ്പിലെ മറ്റിനങ്ങളിലുള്ള അനുബന്ധ ചെലവുകൾ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ വോട്ടഡ് ശീർഷകത്തിൽ 75,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3056-00-800-99-34-3—ഉൾനാടൻ ജലഗതാഗതം-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റിനം

സർവ്വീസ് നടത്തിപ്പിലെ മറ്റിനങ്ങളിലുള്ള അനുബന്ധ ചെലവുകൾ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ചാർജ്ജ്ഡ് ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**3075—മറ്റു ഗതാഗത സർവ്വീസുകൾ**

3075-60-001-98-01-4— മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേൽനോട്ടം - ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

മെഡിക്കൽ റീഇംബേഴ്സ്മെന്റ് കുടിശ്ശികയിനത്തിൽ ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3075-60-001-98-21-2— മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേൽനോട്ടം - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നതിനാൽ വിവിധ മീറ്റിംഗുകൾക്കും പരിശോധനയ്ക്കുമായി യാത്ര കൂടുതലാകുന്നതും വാഹനത്തിന്റെ കാലപ്പഴക്കം കാരണം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുള്ളതിനാലും സ്പെയർ പാർട്സുകളുടെ വിലയിലും ഇൻഷ്വറൻസ് പ്രീമിയത്തിലുമുണ്ടായ വർദ്ധനവും മൂലമുള്ള അധിക ചെലവിനുമായി ഈ ശീർഷകത്തിൽ 45,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3075-60-001-98-99—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേൽനോട്ടം - വിവരസാങ്കേതിക വിദ്യ

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ കാലോചിതമായി കൈകാര്യം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ 99,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3075-60-800-97—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റു ചെലവുകൾ - ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ 555 കിലോമീറ്ററോളം ഭാഗം ജലഗതാഗതത്തിന് പര്യാപ്തമായിരിക്കുന്ന സാഹചര്യത്തിൽ കനാലുകളുടെ നവീകരണത്തിനും അനുബന്ധ നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാലിലൂടെ വർക്കല തുരങ്കത്തിൽ പ്രവേശിക്കാൻ സാധിക്കുമോയെന്നും, പ്രസ്തുത വഴിയുടെ വലിപ്പം കൂട്ടുന്നുണ്ടോയെന്നും, ഈ കനാലിലൂടെ ബോട്ടുകൾക്ക് യാത്ര ചെയ്യാൻ സാധിക്കുമോയെന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് വർക്കല തുരങ്കത്തിൽ പ്രവേശിക്കാൻ സാധിക്കുമെന്നും കനാലിൽനിന്നും വർക്കല തുരങ്കത്തിലേയ്ക്ക് സൗത്ത് സൈഡിലേയ്ക്കുള്ള വഴി ശരിയാക്കിയിട്ടുണ്ടെന്നും ഇനി നോർത്ത് സൈഡിലുള്ള (നടയറ കായലിലേയ്ക്ക്) വഴി ശരിയാക്കാനുണ്ടെന്നും വഴി വലുതാക്കുന്നില്ലെന്നും നിലവിലെ ലെവലിൽ തന്നെ നിലനിർത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്നും വെള്ളത്തിന്റെ പ്രതലത്തിൽനിന്നും നാലര മീറ്റർ ഉയരമുള്ളതുകൊണ്ട് ബോട്ടുകൾക്ക് നിലവിൽ യാത്ര ചെയ്യാൻ സാധിക്കില്ലെങ്കിലും, കായലിന്റെ വടക്കുവശംകൂടി (നടയറ കായൽവരെ) ക്ലിയർ ചെയ്താൽ ബോട്ടുകൾക്ക് യാത്ര ചെയ്യാൻ സാധിക്കുമെന്നും ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റ് & കുട്ടനാട് പാക്കേജ് മറുപടി നൽകി.

**5055—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്**

5055-00-190-99-01—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട്കോർപ്പറേഷൻ– നിക്ഷേപങ്ങൾ കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പ് നവീകരണവും ഇൻഫ്രാസ്ട്രക്ചർ വികസനവും

കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെയും, വർക്ക്ഷോപ്പുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായും, ആധുനികവൽക്കരണത്തിനായും ഈ ശീർഷകത്തിൽ 5.46 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5055-00-190-99-02—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ – നിക്ഷേപങ്ങൾ - കെ.എസ്.ആർ.ടി.സി.-യിൽ സമൂലമായ കമ്പ്യൂട്ടറൈസേഷനും ഇ-ഗവേണൻസ് നടപ്പാക്കലും

സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5055-00-190-99-07—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ- നിക്ഷേപങ്ങൾ- വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് - കെ. എസ്. ആർ. ടി. സി. ആസ്തികളുടെ വാണിജ്യ വികസനത്തിന്

വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് - കെ. എസ്. ആർ. ടി. സി. ആസ്തികളുടെ വാണിജ്യ വികസനത്തിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5055-00-800-79—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും

കാലപ്പഴക്കം ചെന്ന ബസ്സുകൾ സ്ക്രാപ്പ് ചെയ്ത് പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനായി ഈ ശീർഷകത്തിൽ 9.08 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5055-00-800-74 —റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക് അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ

ഗവേഷണ ബ്ലോക്ക്, അക്കാഡമിക് ബ്ലോക്ക് എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യം വികസനത്തിനായി ഈ ശീർഷകത്തിൽ 13.35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**5056—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്**

5056-00-104-99—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - നാവിഗേഷൻ - പുതിയ എഞ്ചിനുകൾ വാങ്ങലും പഴയ ബോട്ടുകളുടെ പുതുക്കിപ്പണിയലും

ബോട്ടുകളുടെ മൈനർ റിപ്പയർ വർക്കുകൾ, ഹൗളിംഗ് ചാർജസ് എന്നിവ കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5056-00-104-85-01—<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - നാവിഗേഷൻ - കൊച്ചിയിലേയ്ക്കുള്ള സംയോജിത ജലഗതാഗത സംവിധാനം(എം.ഐ.ഡി.പി.)- കൊച്ചി സംയോജിത ജലഗതാഗത പദ്ധതി</u>

കൊച്ചി സംയോജിത ജലഗതാഗത പദ്ധതിയുടെ പ്രവർത്തന ചെലവിലേയ്ക്കായി ഈ ശീർഷകത്തിൽ 91.58 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5056-00-104-83 —<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - നാവിഗേഷൻ - ദേശീയ ജലപാതയിൽ ക്രോസ്സ് സ്ട്രക്ചർ നിർമ്മാണം (നബാർഡ് ആർ.ഐ.ഡി.എഫ്.)</u>

പാലങ്ങളുടെ വെർട്ടിക്കൽ ക്ലിയറൻസ് മാനദണ്ഡം നിർബന്ധമാക്കുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5056-00-190-90—<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കൊച്ചി സംയോജിത ജലഗതാഗത പദ്ധതി (എം.ഐ.ഡി.പി.)</u>

വാട്ടർ മെട്രോ പദ്ധതിയുടെ ഭാഗമായി 53 ബോട്ടുകൾ ഉൾപ്പെടുത്തിയുള്ള പ്ലാനാണ് തയ്യാറാക്കിയിട്ടുള്ളതെന്നും അതിൽ 23 എണ്ണത്തിന് കൊച്ചിൻ ഷിപ്പ്‌യാർഡ് ഓർഡർ എടുത്തിട്ടുണ്ടെന്നും 13 എണ്ണം ഡെലിവറി ചെയ്യുകയും അതിൽ 12 എണ്ണം നീറ്റിലിറക്കുകയും ചെയ്തിട്ടുണ്ടെന്നും ഗതാഗത വകുപ്പ് സെക്രട്ടറി (മെട്രോ റെയിൽവേ ) സമിതിയെ അറിയിച്ചു. പ്രധാനമായും ലോൺ തിരിച്ചടവിനത്തിലാണ് ചെലവ് വരുന്നതെന്നും 2022 മുതൽ തിരിച്ചടവ് തുടങ്ങിയിട്ടുണ്ടെന്നും ഒരു വർഷത്തിനുള്ളിൽ

80 കോടിയോളം രൂപയാണ് ആ ഇനത്തിൽ വരുന്നതെന്നും സിവിൽ ജോലികൾ ചെയ്ത വകയിൽ ചെലവായ തുകയാണ് ആവശ്യപ്പെടുന്നതെന്നും നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്നും മറ്റ് സർവ്വീസുകൾ സജ്ജമാകുമ്പോൾ ലാഭത്തിലാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും നിലവിൽ പ്ലാൻ ഫണ്ടിൽ നിന്നാണ് വായ്പാതിരിച്ചടവ് നടത്തുന്നതെന്നും Major Infrastructure Development Projects (എം.ഐ.ഡി.പി.)-യുടെ ഹൈപവർ കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നിലവിൽ തുക അനുവദിക്കുന്നതെന്നും ഒരു വർഷം രണ്ട് ഇൻസ്റ്റാൾമെന്റായി 80.95 കോടി രൂപയാണ് KfW (ക്രെഡിറ്റൻസ്റ്റാൾട്ട് ഫർ വെദർവബു-ഒരു ജർമ്മൻ വായ്പാ ഏജൻസിയാണ്)-ന് നൽകുന്നതെന്നും ഫ്രഞ്ച് ബാങ്കിന്റെ പലിശ നിരക്കിനെ അപേക്ഷിച്ച് ജർമ്മൻ ബാങ്കിന്റെ പലിശ നിരക്ക് കുറവാണെന്നും ഗതാഗത വകുപ്പ് (മെട്രോ-റെയിൽവേ) സെക്രട്ടറി സമിതിയെ അറിയിച്ചു.

വാട്ടർ മെട്രോ പദ്ധതിയ്ക്കു വേണ്ടി സംസ്ഥാന സർക്കാർ വിഹിതമായി ലഭിക്കേണ്ട തുകയ്ക്കായി (സിവിൽ ജോലികൾ) ഈ ശീർഷകത്തിൽ 53.77 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**5075—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്**

5075-60-190-96—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈൻ നിർമ്മാണ പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചതിനാൽ നിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 174.9 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5075-60-800-94—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - ഉൾനാടൻ ജലഗതാഗതം(സ്റ്റേറ്റാവിഷ്കൃതം) ഭരണവും നടത്തിപ്പും

2024 ഡിസംബറിൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പശ്ചിമതീര കനാലിന്റെ വിവിധ പ്രവൃത്തികൾക്കായും പാലങ്ങളുടെ നിർമ്മാണം എന്നിവയുടെ സ്ഥലമെടുപ്പിനായും ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5075-60-800-83—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി (എം.ഐ.ഡി. പി.)

5075-60-800-83 (05)—സജ്ജീകരണ പ്രവൃത്തികൾ എന്ന ശീർഷകം പരിഗണിക്കവേ മെട്രോയുടെ ഏറ്റവും വലിയ അപാകത പാർക്കിംഗിനുള്ള സൗകര്യമില്ലായെന്നുള്ളതാണെന്നും അതിനുവേണ്ടിയാണ് പ്രത്യേക അലോക്കേഷൻ എടുത്തിരിക്കുന്നതെന്നും പാർക്കിംഗ് ഇല്ലാത്തതിനാൽ നിലവിൽ ഏകദേശം 94,000 പേർ മാത്രമാണ് മെട്രോ ഉപയോഗിക്കുന്നതെന്നും ഗതാഗത വകുപ്പ് (മെട്രോ-റെയിൽവേ) സെക്രട്ടറി സമിതിയെ അറിയിച്ചു.

വലിയ ബിസിനസ് ഗ്രൂപ്പുകൾ തന്നെ സ്വന്തം സ്ഥലങ്ങളിൽ മെട്രോയുമായി കണക്ട് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ് നല്ലതെന്നും അവർ പണം മുടക്കാൻ തയ്യാറാണെങ്കിൽ സർക്കാർ അനുവാദം നൽകുന്നതായിരിക്കും ഉചിതമെന്നും, പ്രധാനപ്പെട്ട

കെ.എസ്.ആർ.ടി.സി. സ്റ്റാൻഡ്, വാട്ടർ മെട്രോ, റെയിൽവേ സ്റ്റേഷൻ എന്നിവയുമായി നിലവിൽ മെട്രോക്ക് കണക്ഷൻ ഇല്ലെന്നും തിരുവനന്തപുരത്തും കോഴിക്കോട്ടും പദ്ധതി നടപ്പാക്കുമ്പോൾ നിലവിലെ രീതിയിൽ നിന്ന് വ്യത്യസ്തമായി ജർമ്മനിയിലും മറ്റ് രാജ്യങ്ങളിലുമുള്ളതുപോലെയുള്ള ഹാങ്ങിംഗ് ട്രെയിനുകൾ പ്രാവർത്തികമാക്കാൻ ശ്രമിക്കണമെന്നും ആയത് ഒരു റൂട്ടിൽ പ്രായോഗികമല്ലെന്ന് കണ്ടാൽ അത് അവിടെ നിന്ന് മാറ്റി ലാഭകരമായ മറ്റൊരു റൂട്ടിലേയ്ക്ക് മാറ്റി സ്ഥാപിക്കാമെന്നതാണ് ഹാങ്ങിംഗ് ട്രെയിനുകളുടെ പ്രത്യേകതയെന്നും, ഘടിപ്പിക്കുന്നത് സ്റ്റീലിലായതിനാൽ ചെലവും കുറവായിരിക്കും, പുനരുപയോഗം സാധ്യമാക്കാനും കഴിയുമെന്നും ബഹു. ഗതാഗത വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

**5075-60-800-83(01)—സംസ്ഥാന നികുതി തിരികെ നൽകൽ** എന്ന ശീർഷകത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഘട്ടം 1 ബി-യുടെ നികുതി തിരിച്ചടവ്, കേന്ദ്ര സർക്കാരിന്റെ അനുമതിക്കനുസൃതമായി ഘട്ടം 2-ന്റെ സംസ്ഥാന നികുതി, കേന്ദ്ര നികുതി തിരിച്ചടവ് എന്നിവയ്ക്കായി 151.31 കോടി രൂപയും **5075-60-800-83 (03) - വായ്പാ പലിശ തിരിച്ചടവ്** എന്ന ശീർഷകത്തിൽ വായ്പ തിരിച്ചടവ്, പലിശ അടവ് എന്നിവയ്ക്കായി 567.63 കോടി രൂപയും **5075-60-800-83 (05) - സജ്ജീകരണ പ്രവൃത്തികൾ** എന്ന ശീർഷകത്തിൽ ലൈറ്റ് മെട്രോ പദ്ധതിയുടെ DPR, CMP, AAR എന്നിവ തയ്യാറാക്കുന്നതിനായും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കായും ഘട്ടം 3, ഘട്ടം 2 എന്നിവയുടെ മുന്നൊരുക്ക പ്രവൃത്തികൾക്കായും കാർപാർക്കിങ്ങ് സ്പേസ് തുടങ്ങിയവയ്ക്കായും 243.4 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 962.34 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5075-60-800-66— <u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ - ജോയിന്റ് വെഞ്ചർ കമ്പനിയിലെ പദ്ധതികൾ</u>

സിൽവർലൈൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രാരംഭ നടപടിക്രമങ്ങൾക്ക് അനുമതി ലഭ്യമായതിനെത്തുടർന്ന് കെ.ആർ.ഡി.സി.എൽ.-ന്റെ സ്വന്തം ഇക്വിറ്റി ഫണ്ടിൽ നിന്നും അനുവദിച്ച തുക റീ-ഇംബേഴ്സ് ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 5.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5075-60-800-59—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - മോട്ടോർരഹിത ഗതാഗതം(എൻ.എം.ടി.) (ഇ.എ.പി.)</u>

യാന്ത്രികേതര ഗതാഗത പദ്ധതിയ്ക്കുവേണ്ടി AFD-യിൽ നിന്നും റീ-ഇംബേഴ്സ്മെന്റായി back to back basis-ൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ മുഖേന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.07 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5075-60-800-57— <u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി മെട്രോ റെയിൽ (MIDP) (EAP)</u>

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഘട്ടം 2 നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 11 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**7055—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ**

7055-00-190-99—<u>റോഡ് ഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലയ്ക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ</u>

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷനും ഉൾപ്പെടെയുള്ള പ്രവർത്തന മൂലധന ചെലവുകൾക്കായി ഈ ശീർഷകത്തിൽ 885 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**7056—ഉൾനാടൻ ജലഗതാഗതത്തിനുള്ള വായ്പകൾ**

7056-00-190-98— <u>ഉൾനാടൻ ജലഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - സംയോജിത ജലഗതാഗത പദ്ധതി നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനുള്ള വായ്പ.</u>

2024-25 സാമ്പത്തിക വർഷത്തിൽ വാട്ടർ മെട്രോ പദ്ധതിയുടെ നടത്തിപ്പിനായും കരാറുകാർക്ക് നൽകുന്നതിനുമായും അധികതുക ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 134.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഉച്ചയ്ക്ക് 12.15-ന് യോഗം അവസാനിച്ചു.

843/2024.

## 5. 5-3-2024-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2024 മാർച്ച് മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ചു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. തുറമുഖ-സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ വീഡിയോ കോൺഫറൻസിംഗ് മുഖേനയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ നേരിട്ടും യോഗത്തിൽ പങ്കെടുത്തു.

<u>ഹാജരായ അംഗങ്ങൾ</u>

1) ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം</u>

1) ശ്രീ. കെ. പ്രേംകുമാർ, എം.എൽ.എ.
2) ശ്രീ. പി. പി. സുമോദ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1) ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2) ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
2. ഡോ. കെ. വാസുകി, സെക്രട്ടറി, ഗതാഗത വകുപ്പ്
3. ശ്രീ. എസ്. ശ്രീജിത്, ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്
4. ശ്രീമതി മിനി വി., സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
5. ശ്രീ. എൻ. ശിവശങ്കരപിള്ള, ചെയർമാൻ, കേരളാ മാരിടൈം ബോർഡ്
6. ശ്രീ. നിജു അഴകേശൻ, ഡയറക്ടർ, കേരള റോഡ് സുരക്ഷാ അതോറിറ്റി
7. ശ്രീമതി ഹെലീന തോമസ് വി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

8. ശ്രീമതി ഗിരിജ കുമാരി ജി., അഡീഷണൽ സെക്രട്ടറി, തുറമുഖ വകുപ്പ്
9. ശ്രീമതി വിജയശ്രീ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
10. ശ്രീ. ഷൈൻ എ. ഹഖ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ മാരിടൈം ബോർഡ്
11. ശ്രീമതി ലിസിമോൾ ഇ., ജോയിന്റ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
12. ശ്രീമതി ഷീല എം., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്
13. ശ്രീമതി ഉമാദേവി എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
14. ശ്രീമതി ബീന എൽ., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്
15. ശ്രീ. ഗിരീഷ് കുമാർ ഡി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
16. ശ്രീ. അനിൽ കുമാർ ജി., അഡീഷണൽ ജനറൽ മാനേജർ, കെ.ആർ.ഡി.സി.എൽ.
17. ശ്രീ. മനോജ് കുമാർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്
18. ശ്രീ. അജിത് കുമാർ ബി. കെ., അസിസ്റ്റന്റ് സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ഓഫീസ്
19. ശ്രീ. പ്രസാദ് ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട്, കരട് ചട്ടം, എസ്.ആർ.ഒ., നടപടിപത്രികകൾ, കാലതാമസപത്രികകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**കരട് ചട്ടം, എസ്.ആർ.ഒ. നടപടിപത്രികകൾ, കാലതാമസപത്രികകൾ എന്നിവയുടെ പരിഗണന .**

1. <u>ബഹു. സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ</u>

a) <u>കരട് ചട്ടം (ഗതാഗത വകുപ്പ്)</u>

<u>കേരള സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി</u>

(ഫയൽ നം. 21218/സബ്.സി.എ 2/2023/നി.സെ.)

2023-ലെ കേരള സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് സ്റ്റേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്-ന്റെ കരട് പരിഗണന സംബന്ധിച്ച് മൂലചട്ടത്തിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന ഭാഗങ്ങളിൽ ചിലത് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി.

സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കിയ കരട് ചട്ടത്തിൽ താഴെപ്പറയും പ്രകാരമാണ് ഭേദഗതികൾ വരുത്തേണ്ടതെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

1. തുടക്കത്തിൽ NOTIFICATION എന്നതിനു മുൻപായി

" GOVERNMENT OF KERALA

Transport (D) Department"

എന്നു ചേർക്കേണ്ടതാണ്.

2. Rule 1 Sub rule(1)

(i). R.1(1)-ൽ Short title and commencement എന്നതിനു ശേഷമുള്ള':—' എന്ന ചിഹ്നം ".—" എന്നു മാറ്റേണ്ടതാണ്.

(ii). R.1(1)-ൽ "2023" എന്നത് "2024" എന്ന് മാറ്റേണ്ടതാണ്.

3. Rule 1 Sub rule(2)

(i).R.1(2)-ൽ " These rules" എന്നത് " They" എന്നു മാറ്റേണ്ടതാണ്.

4. Rule 2

(i). R.2-ൽ "In the Special Rules for the Kerala State Water Transport State Services, 2008" എന്നതിനു ശേഷമുള്ള ',' എന്ന ചിഹ്നം ',—' എന്ന് മാറ്റേണ്ടതാണ്.

(ii). R.2(2)-ൽ 'Repair and Maintenance Wing' എന്നതിനു ശേഷം coma ഒഴിവാക്കേണ്ടതാണ്.

(iii). R.2(2)-ൽ "wherever they occur, the words" എന്ന വാക്കുകൾക്ക് ശേഷമുള്ള coma ഒഴിവാക്കേണ്ടതാണ്.

5. Rule 4

(i). കരട് ചട്ടത്തിലെ R.2(3)(ii)(b)-ൽ " (ii) "Ten years total service in the Kerala State Water Transport State Service" " എന്നത് "(ii) Ten years total service in the Kerala State Water Transport State Service."; എന്നു മാറ്റേണ്ടതാണ്.

(ii). R.2(3)(ii)(c)-യിൽ

(a) മൂന്നാമത്തെ വരിയിൽ “from a recognized University/Institutions” എന്നത് “ from a recognized a University Institution" എന്നു മാറ്റേണ്ടതാണ്.

(b) 'substituted' എന്ന വാക്കിനു ശേഷമുള്ള “.” എന്ന ചിഹ്നത്തിനു പകരം “ ; ” എന്ന് ചേർക്കേണ്ടതാണ്.

iii. R.2(3)(ii)(d)-യിൽ “under the heading “Repairs and Maintenance Wing”” എന്നതിനു ശേഷം “,—” എന്ന ചിഹ്നം ചേർക്കേണ്ടതാണ്.

iv. R.2(3)(ii)(d)(a)-യിൽ “By promotion” എന്നത് “ By Promotion” എന്ന് മാറ്റേണ്ടതാണ്.

v. R.2(3)(ii)(d)(b)-യിൽ (ii) Diploma in Mechanical / Marine / Automobile Engineering എന്നതിനുശേഷം “ from a recognized University/Institution” എന്ന് ചേർക്കേണ്ടതാണ്.

vi. R.2(3)(ii)(e)-യിൽ “By Transfer” എന്നതിനു പകരം “By Promotion” എന്നും “By Promotion” എന്നതിനു പകരം “ By Transfer” എന്നും ചേർക്കേണ്ടതാണ്.

7. “By order of the Governor” കഴിഞ്ഞ് coma ചേർക്കേണ്ടതാണ്.

8. “Secretary to Government” italics-ൽ നൽകേണ്ടതും അതിനു ശേഷം full stop ചേർക്കേണ്ടതുമാണ്.

b) എസ്.ആർ.ഒ. സാധൂകരണം

2022-ലെ കേരള മാരിടൈം ബോർഡ് ചട്ടം, എസ്.ആർ.ഒ. 999/2022-ന്റെ സാധൂകരണം

(ഫയൽ നം. 4885/സബ്.സി.എ 2/2017/നി.സെ.)

സമിതി 2022-ലെ കേരള മാരിടൈം ബോർഡ് ചട്ടം, എസ്.ആർ.ഒ. 999/2022 പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

c) കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്,2022- വ്യക്തത വരുത്തി ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫയൽ നം. 9995/സബ്.സി.എ 2/2022/നി.സെ.)

കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്,2022 ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം സമഗ്രമായ പഠനം നടത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഐ.എം.ജി.-ക്ക് നൽകിയിട്ടുണ്ടെങ്കിലും ആയത്

ഇതുവരെ പഠനം നടത്തി തിരികെ ലഭ്യമാക്കിയിട്ടില്ലെന്നും പഠനം പൂർത്തിയാക്കി നൽകുന്നതിന് ഐ.എം.ജി. ഒരു മാസത്തെ സമയം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമായാലുടൻ സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

d) സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ പരിശോധനയ്ക്കായി കരട് രൂപത്തിൽ വയ്ക്കാത്ത ചട്ടങ്ങൾ നിയമസഭാ ചട്ടം 238(1)(ബി) പ്രകാരം സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിന് സമർപ്പിക്കാത്തത് സംബന്ധിച്ച്

(ഫയൽ നം. 3369/സബ്.സി.എ 2/2019/നി.സെ.)

2023 ഡിസംബർ 31-നകം കരട് ചട്ടങ്ങളും സാധൂകരണത്തിനുള്ള എസ്.ഒ.ആർ.-കളും സമിതി മുമ്പാകെ സമർപ്പിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമുണ്ടായി രുന്നതാണെന്ന് നിയമസഭാ ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. നിർദ്ദിഷ്ട സമയപരിധി കഴിഞ്ഞ് രണ്ട് മാസം പിന്നിട്ടുവെന്ന് സമിതി അഭിപ്രായപ്പെടുകയും കരട് ചട്ടങ്ങളും സാധൂകരണത്തിനുള്ള എസ്.ഒ.ആർ.-കളും ഉണ്ടെങ്കിൽ ആയത് രണ്ട് മാസത്തിനുള്ളിൽ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് കത്തയയ്ക്കണമെന്ന് നിർദ്ദേശിക്കുകയും ആയത് സംബന്ധിച്ച് വകുപ്പുകൾക്ക് എന്താണ് പറയാനുള്ളതെന്ന് ആരായുകയും ചെയ്തു.

എസ്.ആർ.ഒ.കൾ സമിതി മുമ്പാകെ സമർപ്പിക്കാത്തത് സംബന്ധിച്ച് പരിശോധന നടത്തി ആയത് സംബന്ധിച്ച വിവരം സമിതിയെ അറിയിക്കുന്നതാണെന്ന് ഗതാഗത വകുപ്പ് സെക്രട്ടറി മറുപടി നൽകി.

II. നടപടിപത്രികകളുടെ പരിഗണന

കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഘടന, ചുമതലകൾ, ഫണ്ട് വിനിയോഗം, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് 27-9-2018-ന് കൂടിയ യോഗത്തിലെ 1, 2, 3 ശിപാർശകളിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ട്.

(ഫയൽ നം. 3772/സബ്.സി.എ.2/2018/നി.സെ.)

കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഘടന, ചുമതലകൾ, ഫണ്ട് വിനിയോഗം, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് റോഡ് സുരക്ഷാ കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 3055-00-800-95 (NP) എന്ന ശീർഷകത്തിൽനിന്ന് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി 113.05 കോടി രൂപ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ടെന്നും ശേഷിക്കുന്ന 716.84 കോടി രൂപയുടെ ഫണ്ട് റിലീസ് ചെയ്ത് നൽകുന്നതിനായി ഫയൽ ധനകാര്യ വകുപ്പിൽ അയച്ചിരുന്നെങ്കിലും ആയത് ധനകാര്യ വകുപ്പ് നിരസിച്ചുവെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഘടന, ചുമതലകൾ, ഫണ്ട് വിനിയോഗം, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് 27-9-2018-ന് കൂടിയ യോഗത്തിലെ 1, 2, 3 ശിപാർശകളിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

III. കാലതാമസപത്രികകളുടെ പരിഗണന

ഗതാഗത വകുപ്പിന്റെ 2021-22-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസ പത്രിക.

(ഫയൽ നം. 105/സബ്.സി.എ.2/2022/നി.സെ.)

ഗതാഗത വകുപ്പിന്റെ 2021-22-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസ പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് - സംബന്ധിച്ച്

9-8-2016-ലെ സമിതിയോഗം - ചരക്ക് ഗതാഗതം രാത്രികാലങ്ങളിൽ മാത്രമായി നിയന്ത്രിക്കേണ്ടതുണ്ടോയെന്ന് റോഡ് സേഫ്റ്റി അതോറിറ്റിയുടെ അഭിപ്രായം ആരായണമെന്ന സമിതി നിർദ്ദേശം - സംബന്ധിച്ച്.

(ഫയൽ നം. 5616/സബ്.സി.എ.2/2016/നി.സെ.)

ചരക്ക് ഗതാഗതം രാത്രികാലങ്ങളിൽ മാത്രമായി നിയന്ത്രിക്കേണ്ടതുണ്ടോയെന്ന് റോഡ് സേഫ്റ്റി അതോറിറ്റിയുടെ അഭിപ്രായം ആരായണമെന്ന സമിതി നിർദ്ദേശം സംബന്ധിച്ച് ഗതാഗത വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

9-8-2016-ലെ സമിതിയോഗം - ഷൊർണ്ണൂർ മുതൽ കോഴിക്കോട് വരെയുള്ള ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടും ആയത് കമ്മീഷൻ ചെയ്യാത്തതിന്റെ കാരണം സംബന്ധിച്ച്.

(ഫയൽ നം. 5616/സബ്.സി.എ.2/2016/നി.സെ.)

ഷൊർണ്ണൂർ മുതൽ കോഴിക്കോട് വരെയുള്ള ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടും ആയത് കമ്മീഷൻ ചെയ്യാത്തതിന്റെ കാരണം സംബന്ധിച്ച് ഗതാഗത വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>തുടർന്ന് സമിതി കാര്യവിവരപ്പട്ടികയിലെ ഇനം(1) ആയി ഉൾപ്പെടുത്തിയിരുന്ന 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയുണ്ടായി.</u>

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥനകളായ IX (വാഹന നികുതികൾ), XV (പൊതുമരാമത്ത്), XL (തുറമുഖങ്ങൾ), XLI (ഗതാഗതം) എന്നിവയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 12.05-ന് അവസാനിച്ചു.